IV. **മുന്നൂറു** വാക്കിൽ കവിയാതെ **രണ്ടു** ചോദ്യത്തിനുത്തരമെഴുതുക.

32. ശൃംഗാരവീരരൗദ്രങ്ങളുടെ വശ്യമായ സമ്മേളനമാണ് രാവണനിൽ കാണുന്നത്. ലങ്കാലക്ഷ്മിയിലെ രാവണനെ ആസ്പദമാക്കി ഉപന്യസിക്കുക.

33. പ്രാചീനരംഗകലാരൂപങ്ങളും കേരളീയമായ താളക്രമങ്ങളുമാണ് തനതുനാടകമെന്ന നിലയിൽ അവനവൻകടമ്പയെ സജീവമാക്കുന്നത്. പരിശോധിക്കുക.

34. വിധിവിഹിതമാർക്കും ലംഘിക്കാനാകില്ല എന്ന തത്ത്വമാണ് ഈഡിപ്പസ് എന്ന നാടകത്തിന്റെ കാതൽ. സി.ജെ. തോമസിന്റെ ഈഡിപ്പസ് വിവർത്തനത്തെ ആസ്പദമാക്കി ചിന്തിക്കുക.

35. ഭാസന്റെ സ്വപ്നവാസവദത്തം നാടകത്തോട് എത്രത്തോളം അടുത്തുനില്ക്കുന്നു, പന്മന രാമചന്ദ്രൻ നായരുടെ ഗദ്യവിവർത്തനം എന്ന് പരിശോധിക്കുക.

**(2 × 15 = 30 Marks)**

---



St. Xavier's College



**Reg. No. : ..............................**

**Name : ..................................**

## Sixth Semester B.A. Degree Examination, April 2024

## Career Related First Degree Programme under CBCSS

## Malayalam and Mass Communication

## Core Course

## MX 1642 : നാടകസാഹിത്യം

## (2021 Admission)

Time : 3 Hours Max. Marks : 80

I. ഒരു വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതുക.

1. നാട്യശാസ്ത്രത്തിന്റെ കർത്താവാര്?

2. നിങ്ങളെന്നെ കമ്മ്യൂണിസ്റ്റാക്കി ആദ്യമായി അവതരിപ്പിച്ച വർഷമേത്?

3. സി.എൻ. ശ്രീകണ്ഠൻനായർ എഴുതിയ തനതുനാടകത്തിന്റെ പേരെന്ത്?

4. സ്കൂൾ ഓഫ് ഡ്രാമയുടെ സ്ഥാപകഡയറക്ടർ ആരാണ്?

5. ചക്കീചങ്കരം എന്ന നാടകത്തിന്റെ സവിശേഷതയെന്ത്?

6. 'പൂമ്പാറ്റയെ കഴുത്തിറുക്കി കൊല്ലുകയാണല്ലോ കുട്ടികൾക്ക് കൗതുകം' - ആരുടെ വാക്കുകൾ?

7. തിരുവട്ടാർ നാരായണപിള്ളയുടെ നാടകക്കമ്പനിയുടെ പേരെന്ത്?

8. കൈരളിയുടെ കഥ എഴുതിയതാര്?

P.T.O.

9. സമത്വവാദി ഏത് നാടകവിഭാഗത്തിൽ പെടുന്നു?

10. 1128-ൽ ക്രൈം-27 എന്ന നാടകം എഴുതിയതാര്?

**(10 × 1 = 10 Marks)**

II. **അമ്പതു** വാക്കിൽ കവിയാതെ **എട്ടു** ചോദ്യത്തിനുത്തരമെഴുതുക.

11. പഞ്ചസന്ധികളെക്കുറിച്ച് കുറിപ്പെഴുതുക.

12. കഥാർസിസ് എന്നാലെന്ത്?

13. ദശരൂപകങ്ങളെ പരിചയപ്പെടുത്തുക.

14. തനതുനാടകത്തിന്റെ സവിശേഷതകൾ എന്തെല്ലാം?

15. ദുരന്തനാടകത്തിന്റെ നിർവചനം വിശദമാക്കുക.

16. പരീക്ഷണാത്മകതയാണ് ജി. ശങ്കരപ്പിള്ളയുടെ നാടകങ്ങളുടെ സ്വഭാവം വിലയിരുത്തുക.

17. 'കെട്ടുപെട്ടുകിടക്കുന്നവൻ, തന്നെ വരിഞ്ഞിരിക്കുന്ന ചങ്ങല മിനുങ്ങുന്ന സ്വർണം കൊണ്ടു തീർത്തതാണെന്ന് അഭിമാനിക്കുന്നത് ഭോഷത്വമാണ്' - ആരുടെ വാക്കുകൾ? സാഹചര്യം വിശദമാക്കുക.

18. 'അച്ഛനും അമ്മയും ഒന്നാണെങ്കിലും ഞാൻ അച്ഛന്റെ വഴിയും ജ്യേഷ്ഠൻ അമ്മയുടെ വഴിയും സഞ്ചരിക്കുന്നു. പൂജാ പുഷ്പം എനിക്കു കൊലച്ചോര അങ്ങയ്ക്കും കൂടുതൽ ഇണങ്ങും' സന്ദർഭവും സ്വാരസ്യവും വ്യക്തമാക്കുക.

19. ഭരതമുനിയുടെ രസസൂത്രം വ്യാഖ്യാനിക്കുക.



20. 'എടോ, അത് പ്രാന്തൻകുരുവാണറിഞ്ഞോ? ഇങ്ങനെ കെട്ടിയില്ലെങ്കിക്കൂടിരിക്കുന്നവരുടെ തല കണ്ടില്ലെന്ന് വരും' സന്ദർഭമെന്ത്?

21. മറക്കുടയ്ക്കുള്ളിലെ മഹാനരകം എന്ന നാടകത്തെക്കുറിച്ച് കുറിപ്പെഴുതുക.

22. തെരുവുനാടകങ്ങളെക്കുറിച്ച് കുറിപ്പെഴുതുക.

**(8 × 2 = 16 Marks)**

III. **നൂറു** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിനുത്തരമെഴുതുക.

23. മറിയാമ്മനാടകത്തിന്റെ സാമൂഹിക പ്രസക്തിയെന്ത്?

24. ആദ്യകാലത്ത് മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട നാടകങ്ങളെപ്പറ്റി കുറിപ്പെഴുതുക.

25. കഥാപാത്രങ്ങളുടെ അന്തഃസംഘർഷമാണ് ബലാബലം എന്ന നാടകത്തിന്റെ ശക്തി വിലയിരുത്തുക.

26. അഗോളവത്ക്കരണകാലത്തെ മത്സ്യത്തൊഴിലാളി ജീവിതവും ദുരിതങ്ങളുമാണ് മത്സ്യഗന്ധി എന്ന നാടകം ആവിഷ്കരിക്കുന്നത് ചർച്ച ചെയ്യുക.

27. റേഡിയോനാടകങ്ങളുടെ പ്രത്യേകതകൾ എഴുതുക.

28. 'വാദം കേൾക്കാൻ ഇഷ്ടമില്ലാത്ത ജഡ്ജിയുടെ മുൻപിൽ വക്കീലിന്റെ അവശ്യമില്ലെന്നെനിക്കറിയാം' ആരാണിങ്ങനെ പറയുന്നത്? എന്തുകൊണ്ട്?

29. 'ധർമ്മം കൈവിട്ട ലങ്കയും സത്യത്തെ കണ്ടാൽ ഇളിക്കുന്ന രാക്ഷസക്കൂട്ടവും പൊരുതിമരിക്കാനുള്ള ആദർശങ്ങളായി എനിക്കു തോന്നുന്നില്ല' ആരുടെ വാക്കുകൾ? സന്ദർഭമെന്ത്?

30. സ്ത്രീനാടകവേദിയെ പരിചയപ്പെടുത്തുക.

31. സി.എൽ. ജോസിന്റെ നാടകങ്ങളുടെ പൊതുസവിശേഷതകൾ എന്തെല്ലാം?

**(6 × 4 = 24 Marks)**



St. Xavier's College